
**Volume 07**
**Issue 06**
**03 July, 2016**
**Kaithakalam I**

**Gen 2:8-17**
**Pro 4:10-18**
**Eph 2:19-22**
**Jn 20:24-29**



# EMMAUS VACHANADOOTH

**മൂന്നു തരത്തിലുള്ള വിശ്വാസം**
**കാണാതെയുള്ള വിശ്വാസത്തിലേയ്ക്ക് ഞങ്ങളേയും നയിക്കണമേ**



Rev Bro
**Lijo Joseph**

ഇന്ന് ഭാരതക്രൈസ്തവരുടെ അഭിമാനസ്തംബമായ വി. തോമാശ്ലീഹായുടെ തിരുനാൾ. ആദ്യമേ തന്നെ എല്ലാവർക്കും തിരുന്നാളിന്റെ എല്ലാ ആശംസകളും. ഗലീലിയായിലെ കടലോരത്തും മലഞ്ചെരുവിലും യേശുവിനൊപ്പം നടന്നവൻ, അവന്റെ തിരുമുറുവുകളിൽ സ്പർശിച്ചറിഞ്ഞവൻ തന്റെ ഹൃദയത്തിൽ ഗുരുവിന്റെ സ്നേഹം ഏറ്റുവാങ്ങിയവൻ. അങ്ങനെ ആ ശിഷ്യൻ കരയും കടലും കടന്ന് കല്ലുകളിൽ കാലുടക്കിയപ്പോഴും മുള്ളുകൾ കൊണ്ട് വേദനിച്ചപ്പോഴും ഗുരുവിന്റെ ദൗത്യവുമായി ഈ ഭാരതമണ്ണിലെത്തി. അദ്ദേഹം കൊളുത്തിയ വിശ്വാസത്തിന്റെ ദീപസ്തംബത്തിൽ നിന്നും വിശ്വാസം സ്വീകരിച്ച നാം ഇന്ന് ആ പ്രിയശിഷ്യനെ അനുസ്മരിക്കുകയാണ്. തന്നെ സ്നേഹിച്ച ഗുരുവിനോട് തന്നെ തൊട്ടറിഞ്ഞ ഗുരുവിനോടുള്ള അഗാധമായ സ്നേഹമാണ് "നിങ്ങൾ ലോകമൊങ്ങും പോയി എല്ലാം സൃഷ്ടികളോടും സുവിശേഷം പ്ര സംഗിക്കുവിൻ" എന്ന ഗുരുവിന്റെ ആഹ്വാനം സ്വീകരിച്ച് കഷ്ടതകൾ സഹിച്ച് സുവിശേഷവുമായി ഈ മണ്ണിൽ എത്തിച്ചത്. ആ തോമാശ്ലീഹായുടെ മി ശിഹാനുഭവവും അതിന്റെ പൂർത്തികരണവുമായുള്ള തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ സംഭവചരിത്രവുമാണ് യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം 24 മുതൽ 29 വരെയുള്ള തിരുവചനങ്ങളിൽ നാമിന്നു വായിച്ചുകേട്ടത്. തോമാശ്ലീഹായുടെ ഈ മിശിഹാനുഭവത്തിലൂടെ കടന്നുപേ ാകുമ്പോൾ മൂന്നു തരത്തിലുള്ള വിശ്വാസത്തെ നമുക്ക് കണ്ടെത്തുവാനായിട്ട് സാധിക്കും.

ഒന്നാമതായി നാം കാണുക അടയാളങ്ങൾ തേടുന്ന വിശ്വാസത്തെയാണ്. "ഉത്ഥിതനായ കർത്താവിന്റെ തിരുമുറിവുകൾ കാണുകയും അവയിൽ തന്റെ കൈവിരൽ ഇടുകയും ചെയ്താലല്ലാതെ താൻ വിശ്വസിക്കുകയില്ല" എന്ന് ശാഠ്യം പിടിക്കുന്ന തോമാശ്ലീഹാ അടയാളങ്ങളും തെളിവുകളും തേടുന്ന വിശ്വാസത്തിന്റെ പ്രതിനിധിയാണ്. യേശുവിന്റെ അത്ഭുതങ്ങളിലും അവൻ ചെയ്ത അടയാളങ്ങളും കണ്ട് വിശ്വസിച്ച ഒരു വ്യക്തിയെ നാം സുവിശേഷങ്ങളിൽ കണ്ടു മുട്ടുന്നുണ്ട്. യഹൂദപ്രമാണിയായ നിക്കോദേമോസ്. രാത്രിയിൽ ആരും കാണാതെ യേശുവിന്റെ അടുത്തു വന്ന് പറയുന്നത് ഇപ്രകാരമാണ്. "റബ്ബി അങ്ങു ദൈവത്തിൽ നിന്നുവന്ന ഒരു ഗുരുവാണെന്ന് ഞാൻ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ നീ ചെയ്യുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയുകയില്ല". യോഹന്നാന്റെ സുവിശേഷം 2 -ാം അദ്ധ്യായം 23-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. 'പെസഹാത്തിരുന്നാളിൽ അവൻ ജറുസലേമിലായിരുന്നപ്പോൾ അവൻ ചെയ്ത അടയാളങ്ങൾ കണ്ട് വളരെപ്പേർ അവനിൽ വിശ്വസിച്ചു. അവനാകട്ടെ അവരെ വിശ്വസിച്ചില്ല'. അസുഖബാധിതനായ തന്റെ മകനെ സുഖപ്പെടുത്തണമെന്ന് അപേക്ഷിച്ചു കടന്നു വരുന്ന രാജസേവകനോട് ഈശോ ഇപ്രകാരമാണു പറയുക 'അടയാളങ്ങളും അത്ഭുതങ്ങളും കണ്ടില്ലെങ്കിൽ

നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ'. അടയാളങ്ങൾ തേടുന്ന വിശ്വാസി. ഇത് വിശ്വാസത്തിന്റെ ആരംഭം മാത്രമാണ്. തോമാശ്ലീഹായുടെ വിശ്വാസപാരമ്പര്യം അവകാശപ്പെടുന്ന നാമിന്ന് മിശിഹാനുഭവം ഉണ്ടാകുവാനായി അത്ഭുതങ്ങളും അടയാളങ്ങളും തേടി അട്ടപ്പാടിയിലേയ്ക്കും വേളാങ്കണ്ണിയിലേയ്ക്കുമൊക്കെ വണ്ടി കയറുന്നുണ്ടെങ്കിൽ ചിന്തിക്കേണ്ട അവസരമാണിത്. നമ്മുടെ വിശ്വാസം ഇനിയും പിച്ചവെച്ചു തുടങ്ങിയിട്ടില്ല. ഇനിയും നാം ഏറെ വളരേണ്ടിയിരിക്കുന്നു.

രണ്ടാമത്തെ തരത്തിലുള്ള വിശ്വാസം എന്നത് ശ്ലീഹന്മാരുടെ ജീവിതത്തിലെ വിശ്വാസമാണ്. ഉത്ഥിതനായ ക്രിസ്തു തോമസിനോടു പറഞ്ഞു "നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക, എന്റെകൈകൾകാണുക, നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക". ഈശോ തോമാശ്ലീഹാക്കു വേണ്ടി മാത്രം വീണ്ടും പ്രത്യക്ഷപ്പെടുകയും അവൻ എന്താവശ്യപ്പെട്ടോ അത് ചെയ്യാനായി അവനെ ക്ഷണിക്കുകയും ചെയ്യുകയാണ്. എന്നാൽ ഉത്ഥിതനെ തന്റെ കണ്ണുകൊണ്ട് കണ്ട മാത്രയിൽ തന്നെ തോമാശ്ലീഹാ തന്റെ വിശ്വാസം ഏറ്റുപറയുകയാണ്. കണ്ടു വിശ്വസിക്കുക എന്ന ശ്ലീഹന്മാരുടെ വിശ്വാസത്തിന്റെ പ്രത്യേകതയാണ്. 'ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും കണ്ണുകൾകൊണ്ട് കണ്ടതും സൂക്ഷിച്ച് വീക്ഷിച്ചതും  കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റിയാണ് അവൻ പ്രസംഗിച്ചത്.' അതിന് ഉത്ഥിതനെ കാണുവാനായി മറ്റ് പതിനൊന്നു (11) പേരോടുമൊപ്പം തോമസിനും അവകാശമുണ്ടായിരുന്നു. (ഭർത്താവ് അവധിക്കു വരുന്ന കാര്യം അയൽക്കാർ  പറഞ്ഞല്ല ഭാര്യ അറിയേണ്ടത്) ഈ അവകാശത്തിനെയാണ് തോമാശ്ലീഹാ ശാഠ്യം പിടിക്കുക. തന്റെ പിടിവാശിക്കു മുൻപിൽ പ്രത്യക്ഷനാകുന്ന ക്രിസ്തുവിനെ തോമസ് സ്വീകരിക്കുക തന്റെ വിശ്വാസ പ്രഖ്യാപനത്തിലൂടെയാണ്. "എന്റെ കർത്താവേ, എന്റെ ദൈവമേ". ഈശോയെ കർത്താവും ദൈവവുമായാണ് തോമാശ്ലീഹാ ഇവിടെ പ്രഖ്യാപിക്കുക. പഴയനിയമം ദൈവത്തിനു നൽകുന്ന പേരുകളാണ് "കർത്താവും ദൈവവുമെന്നത്." പഴയനിയമത്തിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവം തന്നെയാണ് ഈശോമിശിഹായെന്ന് തോമാശ്ലീഹാ പ്രഖ്യാപിക്കുകയാണിവിടെ. ഒരുപക്ഷെ ഇതായിരിക്കാം ശിഷ്യപ്രമുഖനായ പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തേക്കാളും ആഴവും ശക്തവുമായത്. ഈയൊരു വിശ്വാസത്തിന്റെ ആഴത്തിലേയ്ക്കാണ് തോമാശ്ലീഹാ നമ്മെയും വിളിക്കുക. വിശുദ്ധ കുർബാനയിൽ ഓരോ ദിവസവും നാം കാണുകയും തൊട്ടനുഭവിക്കുകയും ചെയ്യുന്ന ഈശോയെ "എന്റെ കർത്തവേ എന്റെ ദൈവമേ"എന്നു വിളിക്കുവാൻ ആ വിശ്വാസത്തിൽ മുന്നോട്ടു പോകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

മൂന്നാമതായുള്ള വിശ്വാസമാണ് കാണാതെയുള്ള വിശ്വാസം ഈശോ തോമസിനോടു പറഞ്ഞു 'നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു കാണാതെവിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ'. ഈ കാണാതെയുള്ള വിശ്വാസത്തിൽ നാമൊരുത്തരും വളരണമെന്നാണ് ക്രിസ്തു ആഗ്രഹിക്കുക. വി. പൗലോസ് ശ്ലീഹാ വിശ്വാസത്തെക്കുറിച്ച് പറയുക ഇപ്രകാരമാണ് 'പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ടെന്ന ബോധ്യവുമാണ് വിശ്വാസം' ഈയൊരു വിശ്വാസത്തിന്റെ തലത്തിലേയ്ക്കാണ് നാമൊരുത്തരും എത്തേണ്ടത്. നമുക്കു ചുറ്റും മറഞ്ഞിരിക്കുന്ന ക്രിസ്തു സാന്നിധ്യം തിരിച്ചറിഞ്ഞ് ജീവിക്കാൻ സാധിക്കണം. സൃഷ്ടികളിലെല്ലാം ക്രിസ്തു സാന്നിധ്യം തിരിച്ചറിഞ്ഞ ഫ്രാൻസീസിനെപ്പോലെ കൽക്കട്ടയിലെ തെരുവുകളിൽ ക്രിസ്തുവിനെ കണ്ടു മുട്ടിയ മദർതേരേസയെപ്പോലെ എല്ലാവരിലും ക്രിസ്തു സാന്നിധ്യം കണ്ടുമുട്ടുന്ന ഫ്രാൻസീസ് മാർപ്പാപ്പയെപോലെ ആഴമായ മിശിഹാനുഭവം എന്റെ ജീവിതത്തിൽ എനിക്കും ഉണ്ടാകണം.

തോമാശ്ലീഹായുടെ മിശിഹാനുഭവത്തിലൂടെ കടന്നുപോകുമ്പോൾ വിശ്വാസത്തിന്റെ ഈയൊരു വളർച്ച എന്നിലും സംഭവിക്കണം. അടയാളങ്ങളിലും അത്ഭുതങ്ങളിലും ഉള്ള വിശ്വാസത്തിൽ നിന്ന് തൊട്ടരികത്തുള്ള വിശ്വാസത്തിൽ നിന്ന് കാണാതെയുള്ള വിശ്വാസത്തിലേയ്ക്ക് നാമൊരുത്തരും വളരണം. നമ്മുടെ പിതാവായതോമാശ്ലീഹാ ആഗ്രഹിച്ചതും അതുതന്നെയാണ്. ഇന്ന് ആ പിതാവിനോട് നമ്മുക്കും പ്രാർത്ഥിക്കാം "കാണാതെയുള്ള വിശ്വാസത്തിലേയ്ക്ക് ഞങ്ങളേയും നയിക്കണമേ.................".